

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

ഒഴൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ:
കെ.എസ്.എ.എം.പി.എം.10/2326/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 23/11/2024
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഒഴൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക്

ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: തീയ്യതി: 23/11/2024

കെ.എസ്.എ.എം.പി.എം.10/2326/24

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-10-2023 മുതൽ 23-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ

മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി. ചിത്രലേഖ കെ. കെ, കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	23-10-2024	30-10-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
23-10-2024	30-10-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ പി, ഓഡിറ്റ് ഓഫീസർ
ശ്രീമതി.അസീന എ പി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ആലസ്സൻകുട്ടി യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി. സുജിത പി.കെ, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. യൂസഫ് കൊടിയേങ്ങൽ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീ.മുരളീധരൻ നായർ.വി	സെക്രട്ടറി	01-04-2023	31-05-2023
ശ്രീ. ഹരികൃഷ്ണൻ ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	01-06-2023	03-07-2023
ശ്രീ. ബൈജു പുത്തലത്തൊടി	സെക്രട്ടറി	04-07-2023	25-09-2023
ശ്രീ. ബൈജു ബി	സെക്രട്ടറി-ഇൻ-ചാർജ്ജ്	26-09-2023	03-10-2023
ശ്രീ. ചാൾസ് പി സി	സെക്രട്ടറി-ഇൻ-ചാർജ്ജ്	04-10-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ.ഷാജി.പി	കൃഷി ഓഫീസർ	01-04-2023	31-03-2024
ശ്രീ. അബ്ദുറഹിമാൻ	ഹെഡ്മാസ്റ്റർ	01-04-2023	31-03-2024
ശ്രീ അജയകുമാർ .പി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	17-05-2023
ശ്രീമതി മഞ്ജു ജി	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ്	18-05-2023	14-02-2024

ശ്രീമതി നിഷിത എം ടി	അസിസ്റ്റന്റ് എഞ്ചിനീയർ ഇൻ ചാർജ്ജ്	15-02-2024	31-03-2024
ഡോ.കാർത്തികേയൻ പി	വെറ്ററിനറി സർജൻ	01-04-2023	12-09-2024
ഡോ. ഐസക് ജോർജ്ജ്	വെറ്ററിനറി സർജൻ - ഇൻചാർജ്ജ്	13-09-2023	04-10-2023
ഡോ. സുബിത്ത് സി	വെറ്ററിനറി സർജൻ	05-10-2023	31-03-2024
ഡോ. അനീസ്	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2023	31-03-2024
ഡോ. ജാനിഫ് കെ എം	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	01-04-2023	03-07-2023
ഡോ ഹനീഫ ചെറുകര	മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)	04-07-2023	31-03-2024
ഡോ. ബിന്ദു വിജയകുമാർ	മെഡിക്കൽ ഓഫീസർ (ഹോമിയോ)	01-04-2023	11-07-2023
ഡോ. ആയിഷ ഹുസ്ന	മെഡിക്കൽ ഓഫീസർ (ഹോമിയോ)	12-07-2023	31-12-2023
ഡോ. ശഫ്ന പി കെ	മെഡിക്കൽ ഓഫീസർ (ഹോമിയോ)- ഇൻ ചാർജ്ജ്	01-01-2024	31-03-2024
ശ്രീമതി.സമീറ മഞ്ഞപുലാൻ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024

ശ്രീമതി.റിജിന(പുൽപ്പറമ്പ് സർക്കിൾ)	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	07-07-2023
ശ്രീ.സിദ്ധീക്ക് (ഒഴൂർ സർക്കിൾ)	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	18-10-2023
ശ്രീ ലിജോ ജോസഫ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ഇൻ ചാർജ്ജ്	08-07-2023	12-10-2023
ശ്രീമതി. കാവ്യ എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ഇൻ ചാർജ്ജ്	19-10-2023	06-12-2023
ശ്രീ. അനീഷ് കുമാർ എം	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ - ഇൻ ചാർജ്ജ്	13-10-2023	08-11-2023
		07-12-2023	21-12-2023
ശ്രീമതി. സ്മൃതി ഗോപാലകൃഷ്ണൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	22-12-2023	31-03-2024
ശ്രീ. മഹേഷ് പി	ഡയറി എക്സ്റ്റൻഷൻ ഓഫീസർ	01-04-2023	31-03-2024
ശ്രീ. ഹരികൃഷ്ണൻ ബി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	07-07-2023
ശ്രീമതി. അജിത കുമാരി കെ കെ	അസിസ്റ്റന്റ് സെക്രട്ടറി - ഇൻ ചാർജ്ജ്	08-07-2023	24-07-2023
ശ്രീ. മുഹമ്മദ് യൂസഫ് റ്റി കെ	അസിസ്റ്റന്റ് സെക്രട്ടറി - ഇൻ ചാർജ്ജ്	25-07-2023	12-09-2023
ശ്രീമതി. രശ്മി പി	അസിസ്റ്റന്റ് സെക്രട്ടറി - ഇൻ ചാർജ്ജ്	13-09-2023	29-09-2023
ശ്രീ. ചാൾസ് പി സി	അസിസ്റ്റന്റ് സെക്രട്ടറി	30-09-2023	31-03-2024

ശ്രീമതി. സന്ധ്യ എസ്	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	18-12-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല	1-1-1
3	ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.	1-1-2
4	ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസിന്റെ കൃത്യത പരിശോധിക്കാനായില്ല.	1-1-3
5	ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു	1-1-4
6	രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.	1-1-5
7	സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.	1-1-6
8	ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല	1-1-7
9	അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.	1-1-8
10	വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.	1-1-9
11	ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല	1-1-10
12	എ.സി.ആർ, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല.	1-1-11
13	ബജറ്റ്	1-2
14	സാമ്പത്തിക വിശകലനം	1-3
15	ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)	1-4
16	പദ്ധതി അവലോകനം	1-5

17	തൊഴിലുറപ്പ് പദ്ധതി	1-6
18	ക്ഷേമപദ്ധതികൾ	1-7
19	ക്യാഷ് പരിശോധന	1-8
20	ആഭ്യന്തര നിയന്ത്രണം	1-9
21	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
22	"ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്കരണം ഹരിതകർമസേനയിലൂടെ" : അവലോകനം	1-11
23	തൊഴിൽ നികുതി പിരിവിലെ അപാകതകൾ	1-12
24	പാരാമെഡിക്കൽ രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു	1-13
25	ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.	1-14
26	വസ്തുനികുതിയിനത്തിൽ വൻതുക കുടിശ്ശികയായി ഈടാക്കാനവശേഷിക്കുന്നു	1-15
27	കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത	1-16
28	ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമാക്കിയിട്ടില്ല	1-17
29	തെരുവ് വിളക്ക് പരിപാലനം - അപാകതകൾ	1-18
30	മുഴുവൻ പദ്ധതി ചെലവുകളും സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല	1-19
31	എൻ ആർ ഇ ജി എസ് പ്രവൃത്തികൾ - ജി.എസ്.ടി യിന്മേൽ ടിഡിഎസ് നടത്തിയിട്ടില്ല.	1-20
32	കേരളോത്സവം - മുൻകൂർ നൽകിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല.	1-21

33	എസ്.എസ്.കെ വിഹിതം - പ്രൊജക്ട് നടത്തിപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.	1-22
34	മരുന്നുകൾ ലഭ്യമാക്കിയില്ല.	1-23
35	പരിരക്ഷ പദ്ധതി അപാകതകൾ	1-24
36	കുടുംബാരോഗ്യ കേന്ദ്രത്തിൽ ലാബ് സൗകര്യമേർപ്പെടുത്തൽ - ലാബ് ഉപകരണം നാളിതുവരെ ലഭ്യമാക്കിയില്ല.	1-25
37	പഠനമുറി നിർമ്മാണം മൂല്യനിർണ്ണയതുകയേക്കാളും അധികം തുക നൽകി	1-26
38	അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി നടത്തിപ്പിലെ അപാകതകൾ	1-27
39	അംഗനവാടികൾക്ക് ഫർണ്ണീച്ചർ -വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചില്ല.	1-28
40	മരാമത്ത് പ്രവൃത്തികളിൽ കരാറുകാർക്ക് അധികം അനുവദിച്ച 21,307 രൂപ ഓഡിറ്റ് അന്വേഷത്തിന് മറുപടിയായി തിരിച്ചടവാക്കി	1-29
41	ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം (ഗോബർധൻ ഒഴൂർ) - അപാകത -അധികം നൽകിയത് 70,876രൂപ	1-30
42	അസി.എഞ്ചിനീയർ - ടെണ്ടർ ഫീ മുഴുവനായും പഞ്ചായത്തിലേക്ക് നൽകിയിട്ടില്ല	1-31
43	അസി.എഞ്ചിനീയർ - കാഷ്ബുക്ക് ക്രമപ്രകാരം പരിപാലിക്കുന്നില്ല.	1-32

ഭാഗം 2

--- No Records Found ---

ഭാഗം 3

--- No Records Found ---

ഭാഗം 4

1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ /വായ്പ തിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.	4-8
9	ചാർജ് സർചാർജ് നടപടികളുടെ വിവരം.	4-9
10	ഓഡിറ്റ് പ്രത്യാവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1
പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേ
ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബ
സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്
ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 15.06.2024 തീയതിയിലെ 11(1)നം. തീരുമാനം പ്
അംഗീകരിച്ച് 27.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധ
പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ
പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ,
സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവ
പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻ
എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓ
വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്
ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭ
പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്
സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസ
വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാ
ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കു
ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേ
ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണ
തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലി
അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്ത
അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു.
അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാന അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസന വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിര കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഒഴൂർ ഗ്രാമ പഞ്ചായത്തിന്റെ വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർ സാമ്പത്തിക ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ നൽകുന്നു.

ഡെപ്യൂട്ടി ഡയറ
കേരള സംസ്ഥാന ഓഡിറ്റ
ജില്ലാ ഓഡിറ്റ് കാര്യാലയം, മ

മലപ്പുറം
തീയതി : 23/11/2024

1-1-1 എല്ലാ പത്രികകളും ഉൾപ്പെട്ടിട്ടില്ല

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നീ പത്രികകൾ വാ കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോ 24477843/-രൂപയും, ക്യാഷ് ഫ്ലോ പത്രി മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം 7698656/-രൂപയുമാണ്. എന്നാൽ ഇവ പൊരുത്തപ്പെടുന്നില്ല.

1-1-3 ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ ക്ലോസിംഗ് ബാലൻസിന്റെ കൃത്യത പരിശോധിക്കാനായില്ല.

ബാലൻസ് ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരമുള്ള താഴെപ്പറയുന്ന ബാങ്ക്/ട്രഷറി അക്കൗണ്ടുകളുടെ 3 പാസ്ബുക്ക്/ബാങ്ക് സ്റ്റേറ്റ്മെന്റ്, റീകൺസിലിയേഷൻ പത്രിക എന്നിവ പരിശോധനയ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ ക്ലോസിംഗ് ബാലൻസിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

ക്രമ നം	ബാങ്ക്/ട്രഷറി അക്കൗണ്ട്	ക്ലോസിംഗ് ബാലൻസ് (₹) (B-17 ഷെഡ്യൂൾ)
1	SUB TREASURY TIRUR (799011400002963)	804416
2	STATE BANK OF TRAVANCORE - (57058599978)	3702

1-1-4 ബാങ്ക് ബുക്ക് ബാലൻസ് തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു

Canara Bank (3786201000035) Epayment അക്കൗണ്ടിന്റെ 31.03.2024 ലെ ബാങ്ക് ബുക്ക് ബാലൻസ് 2973735/- രൂ എന്നാൽ റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് ബുക്ക് ബാലൻസ് രേഖപ്പെടുത്തിയിരിക്കുന്നത് 2 രൂപയാണ്.

1-1-5 രജിസ്റ്ററുകൾ ഓഡിറ്റിൽ കൃത്യത സാക്ഷ്യപ്പെടുത്താവുന്ന രീതിയിൽ സൂക്ഷിക്കുന്നില്ല.

1. അഡ്വാൻസ് രജിസ്റ്റർ പ്രകാരം തൊഴിലുറപ്പുപദ്ധതിയിൽ ക്രമീകരിക്കാനുള്ള തുക 2731913/- രൂ എന്നാൽ വാർഷികകണക്ക് പ്രകാരം (B-18) ഈയിനത്തിൽ ക്രമീകരിക്കാനുള്ള തു ഉൾപ്പെടുത്തിയിട്ടുള്ളത് 1370093/- രൂപയാണ്.

2. അഡ്വാൻസ് രജിസ്റ്റർ പ്രകാരം Other Advance ഇനത്തിൽ ക്രമീകരിക്കാനുള്ള തുക 177577/- രൂപയാണ്. വാർഷികകണക്ക് പ്രകാരം (B-18) ഈയിനത്തിൽ ക്രമീകരിക്കാൻ തുകയൊന്നും ഉൾപ്പെടുത്തിയിട്ടില്ല.

1-1-6 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തിയില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് നടത്താതെ 31.03.2024 തീയ്യതിയിൽ മാത്രമാണ് ഡിമാന്റ് എൻട്രി വരുത്തിയിട്ടുള്ളത്.

1-1-7 ബാങ്ക് അക്കൗണ്ടിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല

AFS B-4 പ്രകാരമുള്ള താഴെ സൂചിപ്പിക്കുന്ന തുക B-17 ൽ നിന്നും താഴെ പറയും പ്ര വ്യത്യാസപ്പെട്ടിരിക്കുന്നു. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയിട്ടില്ല.

ഇനം	B-4 പ്രകാരം	B-17 പ്രകാരം
TSC	2934848	2511923
Health Grant Towards Support For Diagnostic InfraStructure To The PHCs	1,252,422	1163777
Health Grant Twards Conversion Of PHCs And Subcentres In To Health And Wellness Centres	462,433	384415
CFC	7440948 (TIED + UNTIED)	8501855
Jalanidhi	1,724,332	4948538

1-1-8 അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബാലൻസ് ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ ബാക്കിയുള്ള ഗ്രാന്റ് തുകകളിൽ ഫണ്ടിനോടൊപ്പം സൂക്ഷിച്ച തുകകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ ര തയ്യാറാക്കിയിട്ടില്ലാത്തതിനാൽ, ഈ തുകകളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

1-1-9 വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

ലഭ്യമാക്കിയ സഞ്ചയ ഡി.സി.ബി പത്രിക പ്രകാരമുള്ള വസ്തു നികുതി ഡിമാന്റ്, കളക്ഷൻ,ബാലൻസ് വാ കണക്കുമായി പൊരുത്തപ്പെടുന്നില്ല.

	ഡിമാന്റ്	കളക്ഷൻ	ബാലൻസ്

	അരിയർ	തന്നാണ്ട്	അരിയർ	തന്നാണ്ട്	അരിയർ	തന്നാണ്ട്
സഞ്ചയ ഡി.സി.ബി	311451	4066092	162880	3389329+*6172 = 3395501	149192	686812
വാർഷിക കണക്ക്	326545 (LC ഉൾപ്പടെ)	4066092	162285	3373108+*6172= 3379280	157437 (LC ഉൾപ്പടെ)	721153 (LC ഉൾപ്പടെ)
* ബുക്ക് അഡ്ജസ്റ്റ്മന്റ് തുക						

1-1-10 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ (സചിത്ര) കാലികമാക്കാത്തതിനാൽ വാർഷിക കണക്ക് പ്രകാരം ആസ്തികളുടെ കണക്കാക്കിയതിന്റെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്താനായില്ല.

1-1-11 എ.സി.ആർ, വാർഷിക കണക്ക് എന്നിവ പൊരുത്തപ്പെടുന്നില്ല.

വികസന ഫണ്ട് - ജനറൽ ഇനത്തിലെ ചെലവ് തുക എ.സി.ആർ, വാർഷിക കണക്ക് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

	ACR	AFS
വികസന ഫണ്ട് - ജനറൽ	13944872+2564263 (Source Deduction) = 16509135	16484135

1-2 ബജറ്റ്

2023-24ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം നം./തിയ്യതി	2023-24ലെ ബജറ്റ് പുതുക്കിയ തീരുമാനം നം./ തിയ്യതി
1(1)/29.03.2023	1(1)/09.02.2024

1-3 സാമ്പത്തിക വിശകലനം

ഇനം	തുക (₹)
മുന്നിരിപ്പ്	47650357
വരവ്	197174479
ആകെ	244824836
ചെലവ്	189475823
നീക്കിയിരിപ്പ്	55349013

കുറിപ്പ്: വാർഷിക കണക്ക് റെസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ് ചെലവുകളുടെ കൂ പത്രികയിൽ ഉൾപ്പെട്ടിട്ടില്ലാത്തതായ വിവിധ ഫണ്ട് ഇനങ്ങളുടെ ട്രഷറി മുഖേന ഉള്ള തുകകൾ, സാ സുരക്ഷാ പെൻഷൻ ഇനങ്ങളിലെ തുകകൾ, തൊഴിലുറപ്പ് പദ്ധതിയുടെ EFMS തുക എന്ന ഉൾപ്പെടുത്തിയാണ് വിവരം ചേർത്തിട്ടുള്ളത്.

1-4 ഫണ്ട് വിനിയോഗം (അപ്രോപിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

ഫണ്ടിനം	മുൻബാക്കി (₹)	തൻവർഷ വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരിപ്പ്/ ലാപ്സായ തുക (₹)
വികസനഫണ്ട് (ജനറൽ)	0	19331737	19331737	13944872	5386865
വികസനഫണ്ട് (എസ്.സി.പി.)	0	2577828	2577828	1875000	702828
സംരക്ഷണഗ്രാന്റ് (റോഡ്)	0	15397000	15397000	2990005	12406995
സംരക്ഷണഗ്രാന്റ് (റോഡിതരം)	0	4038600	4038600	3227151	811449
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)	0	2719500	2719500	2373671	345829

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്)	0	3626000	3626000	2420902	1205098

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ (₹)	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ് (₹)	ഭാഗികമായി നടപ്പാക്കിയത് (എണ്ണം)	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
250	188902762	111	81020474	0	139	44.4

കുറിപ്പ് :-
അംഗനവാടി ജീവനക്കാരുടെ പ്രതിഫല ഇനത്തിൽ തുക ഈടാക്കുന്നതിനായി 280/24,284/24,287/24 നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) എന്ന ഇനത്തിൽ 288/24,281/24,285/24 നമ്പറുകളിലും ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) എന്ന ഇനത്തിൽ 282/24,286/24,289/24 നമ്പറുകളിലുമായി തൻവർഷത്തിൽ ആകെ ₹3237435/- സോഫ്റ്റ് ഡിഡക്ഷൻ നടത്തിയ ജി.ഒ പ്രോജക്ടു അടങ്കൽ തുക പ്ലാൻ മോണിറ്ററിംഗ് സോഫ്റ്റ്വെയറായ സുലേഖയിൽ നിന്നുമുള്ള ചെലവ് പത്രി രേഖപ്പെടുത്തിയിട്ടില്ല. ഈ തുക കൂടി ഉൾപ്പെടുത്തിയിട്ടുള്ള അടങ്കൽ വിവരമാണ് മേൽ പട്ടി ചേർത്തിട്ടുള്ളത്.

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ.

ഇല്ല.

1-6 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് (₹)	വരവ് (₹)	ആകെ (₹)	ചെലവ് (₹)	നീക്കിയിരുപ്പ് (₹)
ഭരണചെലവുകൾ	309854	1107899	1417753	1412609	5144

ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത്	0	22056558	22056558	22056558	0

1-7 ക്ഷേമപദ്ധതികൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	1102600	74
വിധവാപെൻഷൻ	15434700	1071
വാർദ്ധക്യകാലപെൻഷൻ	28041300	1947
വികലാംഗപെൻഷൻ	5169500	358
50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ	393600	28
വിവാഹ ധനസഹായം	150000	5

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 2 ന് ഉച്ചക്ക് 03.00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയു പരിശോധനയിൽ 26518/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

1.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കി ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റ

സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പ
തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിറ
സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക
2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

2.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്വെയർ ,സോഫ്റ്റ് വെയർ എന്നിവ
പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്
സോഫ്റ്റ് വെയർ എന്നിവയ്ക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

3. ട്രഡേഴ്സിന്റെ വിവരങ്ങൾ സംബന്ധിച്ച് ഡാറ്റാ ബേസ് തയ്യാറാക്കിയിട്ടില്ല.

4. തെരുവ് വിളക്ക് രജിസ്റ്റർ, തെരുവ് വിളക്ക് മെയിന്റനൻസ് രജിസ്റ്റർ, തെരുവ് വിളക്ക് പരാതി രജിസ്റ്റർ എ
പരിപാലിച്ചിട്ടില്ല.

5. അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി നടത്തിപ്പിൽ ഇൻവോയ്സ് പ്രകാരം സ്റ്റോക്ക് എടുക്കുന്ന
അപാകതകൾ ഉണ്ടായിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	21.10.2022	01/08/2022 മുതൽ 30/09/2022 വരെ	21.10.2022
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	03.08.2010	2004-05 മുതൽ 2009-2010 വരെ	24.09.2010

1-11 "ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ -കേരളത്തിലെ മാലിന്യ സംസ്ക ഹരിതകർമസേനയിലൂടെ" : അവലോകനം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 07.06.2024 ലെ ഡി.കെ.എസ്.എ.471/സി.എ.ആർ.3/202 കത്ത് പ്രകാരം ലഭ്യമാക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് "ശുചിത്വവും സുസ്ഥിരതയും ഉറപ്പാ കേരളത്തിലെ മാലിന്യ സംസ്കരണം ഹരിത കർമ്മ സേനയിലൂടെ" എന്ന വിഷയം സംബന്ധിച്ച് മ ജില്ലയിലെ ഒഴൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് വർഷം നടത്തിയ മാലിന്യസംസ്കരണ പ്രവർത്തന പരിശോധനയുടെ അടിസ്ഥാനത്തിലും ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻകയറി നം.01/23. ലഭ്യമാക്കിയ മറുപടിയിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലും തയ്യാറാക്കിയ വിശദാംശങ്ങൾ ചേർക്കുന്നു.

I ഹരിതകർമ്മ സേന

1) അടിസ്ഥാന വിവരങ്ങൾ

1. പഞ്ചായത്തിലെ ആകെ ജനസംഖ്യ-34016 (സെൻസസ് 2011)
2. ആകെ വാർഡുകളുടെ എണ്ണം -18
3. ഓരോ വാർഡുകളിലെയും ആൾ താമസമുള്ള വീടുകളുടെയും പ്രവർത്തിക്കുന്ന സ്ഥാപനങ്ങള എണ്ണം

വാർഡ് നം.	വീടുകളുടെ എണ്ണം	സ്ഥാപനങ്ങളുടെ എണ്ണം	വാർഡ് നം.	വീടുകളുടെ എണ്ണം	സ്ഥാപനങ്ങളുടെ എണ്ണം
1	562	33	**10**	515	306
2	527	76	**11**	502	89
3	676	138	**12**	562	205
4	565	93	**13**	539	175
5	521	66	**14**	536	66
6	472	48	**15**	500	95
7	531	48	**16**	482	76
8	589	100	**17**	480	75
9	439	84	**18**	693	98

ആകെ	വീടുകൾ - 9691 സ്ഥാപനങ്ങൾ - 1871

2019 നവംബർ മാസത്തിൽ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന രൂപീകരിച്ച് പ്രവ ആരംഭിച്ചിട്ടുണ്ട്. 18വാർഡുകളിലായി നിലവിൽ 32 അംഗങ്ങളാണുള്ളത്. പ്ലാസ്റ്റിക് വേസ്റ്റ് മാനേ ബൈലോ അംഗീകരിച്ചതിലൂടെയും, ഹരിതമിത്രം ആപ്ലിക്കേഷൻ നടപ്പിലാക്കിയതില ഗ്രാമപഞ്ചായത്തിലെ എല്ലാ ഭവനങ്ങളേയും സ്ഥാപനങ്ങളേയും ഹരിത കർമ്മസേനക്കു കീഴിൽ കൊണ്ട സാധിച്ചിട്ടുണ്ട്. വീടുകളിൽ നിന്ന് 50രൂപയും സ്ഥാപനങ്ങളിൽ നിന്നും 100 രൂപയും യൂസർ ഫീ ആയി മ ശേഖരിക്കുന്നതിന് ഈടാക്കുന്നുണ്ട്. പഞ്ചായത്ത് നിശ്ചയിച്ച് നൽകിയിട്ടുള്ള രസീത് നൽക ഹരിതകർമ്മസേന യൂസർ ഫീ സമാഹരിക്കുന്നത്. അതിദരിദ്രർക്കും ആശ്രയ ഗുണഭോക്താക്ക അംഗൻവാടികൾക്കും വിട്ട്കിട്ടിയ സ്ഥാപനങ്ങൾക്കും യൂസർ ഫീ ഇളവ് നൽകുന്നതിനുള്ള ആവിഷ്കരിച്ചിട്ടില്ല. നിലവിൽ ആശ്രയ ഗുണഭോക്താക്കൾക്ക് മാത്രം യൂസർ ഫീ ഇളവ് നൽകുന്നുണ്ട്.

2) മാലിന്യശേഖരണ കാര്യക്ഷമത

5ാം വാർഡിൽ കരിയാട് എന്ന സ്ഥലത്ത് വാടക ഷെഡിലാണ് 2 വർഷമായി MCFപ്രവർത്തിക്കുന്നത്. ശേഖരണ കലണ്ടറിൽ ഷെഡ്യൂൾ ചെയ്തത് പ്രകാരം ഓരോ വീട്ടിൽ നിന്നും സ്ഥാപനങ്ങളിൽ മാസത്തിൽ ഒരു തവണ എന്ന രീതിയിൽ ഹരിത കർമ്മസേനാ അംഗങ്ങൾ മാലിന്യം ശേഖരിച്ച് എത്തിക്കുന്നുണ്ട്. ജനങ്ങളുടെ സൗകര്യാർത്ഥം വാർഡ് അടിസ്ഥാനത്തിൽ വാട്ട്സ് ആപ് ഗ്രൂ രൂപീകരിക്കുകയും അതുവഴി ഹരിതകർമ്മസേനയുടെ മാലിന്യ ശേഖരണം സംബന്ധിച്ച് അ നൽകുകയും ചെയ്യുന്നു. മാലിന്യം കൊണ്ടുവരുന്നതിനായി ഗ്രാമപഞ്ചായത്തിന് സ്വന്തമായി വ ഇല്ലാത്തതിനാൽ വാടകക്കെടുത്ത വാഹനത്തിലാണ് വാർഡുകളിൽ നിന്ന് എം.സി.എഫിലേക്ക് മ എത്തിക്കുന്നത്.

3) മാലിന്യ വേർതിരിവ് പാലിക്കൽ

ഉറവിടത്തിൽ തന്നെ സെഗ്രിഗേഷൻ നടത്തി ഇനം തിരിച്ച് മാലിന്യം ഹരിതകർമ്മസേനയ്ക്ക് കൈമാറു വേണ്ടി പൊതുജനങ്ങൾക്ക് നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ നല്കിയിട്ടുണ്ടെങ്കിലും ആയതിന് ജ തയ്യാറാകാത്ത സ്ഥിതിയുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ നിന്നും വേർതിരിക്കാൻ ന് ഹരിതകർമ്മസേനാംഗങ്ങൾക്ക് കഴിയുന്നില്ല. മുഴുവൻ മാലിന്യവും MCFൽ വച്ചാണ് തരം തിരിക ശേഖരിക്കുന്ന മാലിന്യത്തിൽ കൂടുതലും റിജക്ടഡ് വേസ്റ്റ് ആയതിനാലും, വാർഡുകളിൽ വ്യത്തിഹീനമായ സാധനങ്ങൾ ലഭിക്കുന്നതിനാലും മാലിന്യം തരം തിരിക്കൽ ഉറവിടത്തിൽ നടക്കുന്നി

കാണുന്നു. നിലവിൽ സമയബന്ധിതമായി റിജക്ടഡ് മാലിന്യം നീക്കം ചെയ്ത് വരുന്നുണ്ട്. MCF ലെ സ്ഥല കാരണം എന്നാൽ മുൻ വർഷത്തിൽ ശേഖരിച്ച മാലിന്യം നീക്കം ചെയ്യാതെ കുന്നുകൂടി മഴ കിടക്കുന്നുണ്ട്. നനഞ്ഞ മാലിന്യം തൂക്കി നീക്കം ചെയ്യുന്നത് ഗ്രാമപഞ്ചായത്തിന് വലിയ ബാദ്ധ്യത വരുന്

2023-24 ൽ MCFൽ നിന്നും പുനചംക്രമണ യോഗ്യമല്ലാത്ത അജൈവ മാലിന്യം നീക്കം ചെയ്തതിന് കിലോ 7.50രൂപ നിരക്കിൽ എക്കോഗ്രീൻ കേരള, കോട്ടക്കൽ എന്ന കമ്പനിയെയാണ് ഏല്പിച്ചിരിക്കുന്നത്.

4) റീസൈക്ലിംഗ്

പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നുണ്ട്. വാർഡുകളിൽ ലഭിക്കുന്ന പുനരുപയോഗത്തിന് യോഗ്യമായ സാധനങ്ങൾ വില്പന നടത്തുന്നു. ഹരിതകർമ്മസേനയുടെ പ്രധാന വരുമാന മാർഗ്ഗമാണിത്. ഇവ സമ്പത്ത് എന്റർപ്രൈസസ്, അങ്ങാടിപ്പുറം, Old Is Gold പട്ടാമ്പി, ല കോഴിക്കോട് എന്നവർക്ക് നൽകുന്നു.

വാർഡുകളിൽ മിനി എം.സി.എഫുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ പുനരുപയോഗം സാധ്യമാകുന്ന വസ്തുക്കൾ ഉപയോഗിക്കാൻ പ്രോൽസാഹിപ്പിക്കുന്നതിനായി ബ ബുത്തുകളോ മിനി എം.സി.എഫ് കളോ നിലവിൽ സ്ഥാപിച്ചിട്ടില്ല.

5) കമ്മ്യൂണിറ്റി എൻഗേജ്മെന്റ്

മാലിന്യമുക്തം നവകേരളം പദ്ധതിയുടെ ഭാഗമായി പഞ്ചായത്തല ശില്പശാലകൾ സംഘടിപ്പി മാലിന്യ സംസ്കരണ രീതികളെക്കുറിച്ച് പൊതുജനങ്ങളെ ബോധവത്കരിക്കുന്ന ഹരിതകർമ്മസേനയോടൊപ്പം, ഹെൽത്ത് ഇൻസ്പെക്ടർ CDS, അംഗങ്ങൾ എന്നിവർ വാർഡ് തല സംസ്കരണ ക്യാമ്പയിൻ നടത്തിയിട്ടുണ്ട്. ഹരിതകർമ്മസേനാംഗങ്ങളുടെയും പൊതുജനങ്ങള സഹകരണത്തോടെ പഞ്ചായത്തിലെ മുഴുവൻ വാർഡുകളിലും ക്ലീനിംഗ് ഡ്രൈവുകൾ നടത്ത കൂടാതെ സമൂഹ മാധ്യമങ്ങൾ വഴി ജനങ്ങളിൽ ബോധവല്കരണം നടത്തുന്നു.

6) തൊഴിൽ സൃഷ്ടിക്കൽ

ഹരിതകർമ്മസേനാംഗങ്ങൾക്കും വാഹന ഡ്രൈവർക്കും പ്രത്യക്ഷമായ തൊഴിൽ നല്കുന്നതിനും വേസ്റ്റ് പരിപാലിക്കുന്ന ഏജൻസിയിലെ ജീവനക്കാർക്കും പരോക്ഷമായും തൊഴിൽ നല്കുന്നതിന് സാധി 5000രൂപ മുതൽ 15000 രൂപ വരെ പ്രതിമാസം ഹരിതകർമ്മസേനാംഗങ്ങൾക്ക് വരുമാനം ലഭ്യമാക ഹരിതകർമ്മസേന വരുമാനദായക സംരംഭങ്ങളൊന്നും നിലവിൽ തുടങ്ങിയിട്ടില്ല.

7) അടിസ്ഥാന സൗകര്യ വികസനം

ഗ്രാമപഞ്ചായത്തിൽ ഒരു താല്കാലിക MCFമാത്രമാണ് പ്രവർത്തിക്കുന്നത്. ഹരിതകർമ്മസേനക്ക് ഒ

അംഗങ്ങൾക്ക് മാലിന്യം തരംതിരിക്കുന്നതിനായും രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിനും ഫർ വൈദ്യുതി എന്നിവ MCFൽ ലഭ്യമാക്കിയിട്ടില്ല. മാലിന്യം MCFലേക്ക് എത്തിക്കുന്നത ഹരിതകർമ്മസേനക്ക് സ്വന്തമായി വാഹനം ലഭ്യമാക്കിയിട്ടില്ല. വാഹനം വാടകക്കെടുത്താണ് മ എത്തിക്കുന്നത്. നിലവിൽ ഹരിതകർമ്മസേന അംഗങ്ങൾക്ക് ഡ്രൈവിംഗ് പരിശീലനം നേടാനാ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത മാലിന്യശേഖരണത്തിനും സംസ്കരണത്തിനും വളരെ ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. നിലവിലുള്ള എം.സി.എഫ് ശേഖരിക്കപ്പെടുന്ന മാലിന്യം സൂക്ഷിക്കു സൗകര്യ പ്രദമായി തരംതിരിക്കുവാനോ പര്യാപ്തമല്ല.

8) പാരിസ്ഥിതിക ആഘാതം

ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ എല്ലാ വാർഡുകളിൽ നിന്നും മാലിന്യം ശേഖരിച്ച് MCFൽ എത്തിക്ക അവിടെ വച്ച് സെഗ്രിഗേറ്റ് ചെയ്യുകയും ചെയ്തു വരുന്നു.

അനധികൃതമായി മാലിന്യം വലിച്ചെറിയൽ, പൊതു നിരത്തുകളിൽ മാലിന്യം തള്ളൽ തുടങ്ങിയ മ സംസ്കരണവുമായി ബന്ധപ്പെട്ട് തൻവർഷം 4 പരാതികൾ ലഭിച്ചതിൽ 4 നോട്ടീസ് ഇഷ്യു ചെയ്യുകയ പരാതിയിൽ പിഴ ഈടാക്കുന്നതിനുള്ള നടപടികൾ തുടർന്ന്കൊണ്ടിരിക്കുന്നു. പാരിസ്ഥിതിക പ്രശ്ന ലഭിക്കുന്ന പരാതികളിൻമേൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നുണ്ട്.

9) പരിശീലനവും വികസനവും

ഹരിത കർമ്മ സേനാംഗങ്ങൾക്ക് മാലിന്യ സംസ്കരണത്തിൽ അവരുടെ കഴിവുകളും ര വർദ്ധിപ്പിക്കാനും തുടർച്ചയായ പുരോഗതിയും പ്രൊഫഷണൽ വികസനവും ഉറപ്പാക്കാനും ഗ്രീൻ വേം ഏജൻസിയിൽ നിന്നും, ഹെൽത്ത് ഇൻസ്പെക്ടറുടെ നേതൃത്വത്തിലും ട്രെയിനിംഗ് ലഭ്യമായിട്ടുണ്ട്.

10) നിയമങ്ങൾ പാലിക്കൽ

മാലിന്യ സംസ്കരണത്തിനായി ചട്ടങ്ങളും മാനദണ്ഡങ്ങളും/മാലിന്യ സംസ്കരണ ബൈലോ ഗ്രാമപഞ്ച തയ്യാറാക്കി അംഗീകാരം വാങ്ങുകയും ആയത് പാലിക്കപ്പെടുകയും ചെയ്യുന്നുണ്ട്. മാലിന്യനിർമ്മാ ശുചീകരണം എന്നിവ സംബന്ധിച്ച നിയമങ്ങൾ ജനങ്ങളെ ബോധവല്കരിക്കുന്നതിന് ഓൺലൈൻ മ നോട്ടീസുകൾ, മുതലായവ വഴി പ്രചാരണം നടത്തിയിട്ടുണ്ട്. നിയമലംഘനം കണ്ടെത്തു പരിശോധനകളും പിഴ ഉൾപടെയുള്ള നടപടികളും സ്വീകരിച്ചു വരുന്നുണ്ട്.

11) ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം

ഗ്രാമപഞ്ചായത്തിൽ 18 വാർഡുകളിലേയ്ക്ക് 32 ഹരിതകർമ്മസേനാംഗങ്ങളാണ് നിലവിലുള്ളത്. മാസവും റിവ്യൂ മീറ്റിംഗ് നടത്തി വരുന്നുണ്ട്. കുടുംബശ്രീ, ഹെൽത്ത് ഇൻസ്പെക്ടർ എന്ന്

സഹായത്തോടെ ഹരിതകർമ്മസേനാംഗങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ പരിശീലന പരിപ നടന്നിട്ടുണ്ട്. ചെറിയ വിഭാഗം പൊതുജനങ്ങളുടെ നിസഹകരണം, MCFലെ അടിസ്ഥാന സൗകര്യ എന്നിവ ഹരിതകർമ്മസേന നേരിടുന്ന പരിമിതികളാണ്. കടകളിൽ നിന്ന് മാലിന്യവും യൂസർ ഫീയും സഹകരിക്കാത്ത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകുന്നുണ്ട്. ഹരിതകർമ്മസേന അംഗ അപമര്യാദയായി പെരുമാറുന്നവർക്കെതിരെയും, കടകളിൽ നിന്ന് മാലിന്യവും യൂസർ ഫീയും സഹകരിക്കാത്ത സ്ഥാപനങ്ങൾക്ക് എതിരെയും ഹരിതകർമ്മസേന അംഗങ്ങൾ ഫ്രണ്ട് ഓഫീസ് വഴി നൽകുകയും തുടർന്ന് സെക്രട്ടറി നടപടി എടുക്കുകയും ചെയ്യുന്നു. ഹരിതകർമ കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകൾ രേഖപ്പെടുത്തുന്ന ആവശ്യമായ രജിസ്റ്റ സൂക്ഷിക്കുന്നുണ്ടെങ്കിലും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചതായി കാണുന്നില്ല.

സ്വന്തമായി MCF കെട്ടിട നിർമ്മാണം, അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ, ആവ ഉപകരണങ്ങൾ ലഭ്യമാക്കൽ, അംഗസംഖ്യ വർദ്ധിപ്പിക്കൽ, എന്നിവ ഹരിതകർമ്മസേനയുടെ പ്രവ മെച്ചപ്പെടുത്തുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പിലാക്കേണ്ടതാണ്.

II മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (MCF) റിസോഴ്സ് റിക്കവറി ഫെസിലിറ്റി (RRF)

1) അടിസ്ഥാന വിവരങ്ങൾ

1) MCF/RRF സ്ഥിരം/ താത്കാലികം	MCF- 1 താല്കാലിക ഷെഡിൽ
2) വെയിംഗ് മെഷീൻ/ ബെയ്ലിംഗ്/ഷ്രെഡിംഗ് യൂണിറ്റുകൾ ഉണ്ടോ ഉണ്ടെങ്കിൽ അവ സ്ഥിതി ചെയ്യുന്ന സ്ഥല വിവരം	ബെയിലിംഗ് മെഷീനോ ഷ്രെഡിംഗ് യൂണിറ്റോ ഇല്ല. ബെയിലിംഗ് യൂണിറ്റ് അത്യാവശ്യമാണ്. വെയിംഗ് മെഷീൻ ഉണ്ടെങ്കിലും MCFൽ വൈദ്യുതി ഇല്ലാത്തതിനാൽ ഉപയോഗിക്കുന്നില്ല.
5) അവയ്ക്ക് അടിസ്ഥാന സൌകര്യങ്ങൾ ഉണ്ടോ (ട്രാപ്പിങ് ഏരിയ, സ്റ്റോറേജ് എരിയ, സോർട്ടിങ് ഏരിയ,	വാടകക്കെടുത്ത1000സ്കൂയർ ഫീറ്റ് വിസ്തൃതിയുള്ള ഷീറ്റിട്ട ഷെഡിലാണ് MCFപ്രവർത്തിക്കുന്നത്. ശുചിത്വമിഷൻ മാനദണ്ഡങ്ങൾ പ്രകാരം ട്രിപ്പിംഗ് ഏര്യ,

മെഷിനറി ഏരിയ, ശുചിമുറി എന്നിവ)	സോർട്ടിംഗ് ഏര്യ, സ്റ്റോറേജ് എന്നിവ വേർതിരിച്ചിട്ടില്ല. Bailing Machine, Conveyer Belt, Sorting Table എന്നീ സാധനങ്ങളൊന്നും ഇല്ല. അടിസ്ഥാന സൗകര്യങ്ങളായ ഫർണീച്ചർ, ഇലക്ട്രിസിറ്റി എന്നിവ ഇല്ല. ചുറ്റുമതിൽ ഇല്ല.
6) അവയിലേയ്ക്ക് റോഡ് ഗതാഗത സൗകര്യം ഉണ്ടോ	ഉണ്ട്.
7) അവയുമായി ബന്ധപ്പെട്ട് സാമൂഹിക പ്രശ്നങ്ങൾ നില നിൽക്കുന്നുണ്ടോ	ഇല്ല.

2) മാലിന്യകൈമാറ്റ കാര്യക്ഷമത

വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പാഴ്വസ്തുക്കൾ MCFലേക്ക് സമയബന്ധിത കാര്യക്ഷമമായും ഹരിതകർമ്മസേന കൈമാറുന്നുണ്ട്. മാസത്തിൽ ഒരു തവണ വീടുകളിൽ സ്ഥാപനങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നു. വാർഡുകളിൽ നിന്നും ശേഖരിച്ച മാലിന ദിവസത്തിനുള്ളിൽ MCFലേക്ക് എത്തിക്കുന്നു.

3) മാലിന്യ സംഭരണ ശേഷി

1) ദിവസേന കൈകാര്യം ചെയ്യുന്ന മാലിന്യത്തിന്റെ അളവ്	ജൈവം - ഇല്ല അജൈവം - ശരാശരി 1500Kg
2) MCFന്റെ ആകെ വിസ്തൃതി	1000 Sq.Ft
A) ടാപ്പിംഗ് ഏരിയ	പ്രത്യേകമായി തരംതിരിച്ചിട്ടില്ല
B) സ്റ്റോറേജ് ഏരിയ	

C) സോർട്ടിംഗ് ഏരിയ	
D) മെഷിനറി ഏരിയ	
E) കളക്ഷൻ ഏരിയ	
3) അജൈവ മാലിന്യം എത്ര ദിവസത്തേക്ക് അന്തിമ സംഭരണ ഏരിയയിൽ സൂക്ഷിക്കാൻ കഴിയുന്നു.	ഒരു മാസം

4) മാലിന്യം കൈകാര്യം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ

1)	മാലിന്യം ഇനം തിരിക്കുന്നത്	18-20 ഇനങ്ങളായി തരം തിരിക്കുന്നു.
2)	തൊഴിലാളികളുടെ സുരക്ഷയും പരിസ്ഥിതി സംരക്ഷണവും ഉറപ്പാക്കുന്നതിന് MCF/RRF -ൽ മാലിന്യ സംസ്കരണ പ്രോട്ടോക്കോളും സുരക്ഷാ നടപടികളും പാലിക്കുന്നുണ്ട്.	Fire Extinguisher ഉണ്ട്. Gum Boot, Uniform, Over Coat, Mask, Gloves First Aid Box എന്നിവ ഇല്ല. യൂണിഫോം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

5) ശുചിത്വമാനദണ്ഡങ്ങൾ

ശുചിത്വമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട്.

6) യഥാസമയം മാലിന്യം കൈമാറുന്നത്

നിലവിൽ റിജക്ടഡ് വേസ്റ്റ് യഥാസമയം കൈമാറ്റം നടക്കുന്നുണ്ട്.

7) വരവ് -ചെലവ് കണക്ക്

ആകെ വരവ്	ആകെ ചെലവ്

മുന്നിരിപ്പ്	14032	ഹരിതകർമ്മസേന ശമ്പളം	1565911
യൂസർ ഫീ കളക്ഷൻ	1267110	പർച്ചേസ്	2000
സ്ക്രാപ്പ് വില്പന	296378	മറ്റ് ചെലവുകൾ	0
ചില്ല് വില്പന	9340		
ബാങ്ക് പലിശ	865	നീക്കിയിരിപ്പ്	19814
ആകെ	1587725	ആകെ	1587725

മറ്റു വിവരങ്ങൾ

ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി ഹരിതകർമ്മസേനയുടെ പേരിൽ ബാങ്ക് ഓഫ് ഗ്രാമീൺ ബാങ്ക് ഒഴൂർ ശാഖയിൽ അക്കൗണ്ട് (നം.40649101073252) ഉണ്ട്. 2023-24 വർഷത്തിൽ കർമ്മസേനയുടെ പ്രവർത്തനങ്ങൾക്കായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1) ഗ്രാമപഞ്ചായത്തിലെ മാലിന്യ ശേഖരണത്തിൽ ഹരിത കർമ്മ സേനയുടെ പ്രവ തൃപ്തികരമാണെങ്കിലും ഹരിതകർമ്മസേന അംഗങ്ങളുടെ കുറവും MCFലെ സൗകര്യക്കുറവും മ നീക്കത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. ആവശ്യമായ ഹരിതകർമ്മസേന അംഗങ്ങളുടെ ല ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) റിജക്ടഡ് വേസ്റ്റ് നീക്കം ചെയ്യുന്നതിന് മോണിറ്ററിംഗ് ആവശ്യമാണ്. കൂട്ടിയിട്ടിരിക്കുന്ന റിജക്ടഡ് പൂർണ്ണമായും നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. തൂക്കത്തിന്റെ അടിസ്ഥാനത്ത തുക നൽകുന്നത് എന്നതിനാൽ മഴ നനഞ്ഞ് കുതിർന്ന റിജക്ടഡ് വേസ്റ്റിന്റെ നീക്കം പഞ്ചായത്തിന് ച ചെലവ് വരുത്തുന്നതാണ്. അജൈവ മാലിന്യങ്ങൾ നീക്കം ചെയ്യുമ്പോൾ തൂക്കം സാക്ഷ്യപ്പെടുത്തുന്നത സെക്രട്ടറി ഒരു ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തേണ്ടതും ആയത് ഉറപ്പ് വരുത്തി മാത്രം നൽകേണ്ടതുമാണ്.

3) സ്വന്തമായി MCFനിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിലുള്ള ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ (ബെയ്ലിംഗ് യൂണിറ്റ്, വൈദ്യുതി, ഫർണീച്ചർ, ഫസ്റ്റ് എയ്ഡ് ഏർപ്പെടുത്തേണ്ടതാണ്.

4) മാലിന്യ ശേഖരണത്തിനായി ഹരിതകർമ്മസേനക്ക് സ്വന്തമായി വാഹനം ലഭ്യമാക്കേണ്ടതാണ്. വാഹനത്തിനുള്ള ചെലവു പഞ്ചായത്ത് ആണ് നല്കി വരുന്നത്. ഹരിത കർമ്മസേനക്ക് ഇലക്ട്രിക്കൽ വ വാങ്ങാൻ നിലവിൽ അനുമതിയുണ്ട്. MCF സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സാഹചര്യം പരി ഇലക്ട്രിക്കൽ വാഹനം പ്രായോഗികമല്ലാത്ത സാഹചര്യത്തിൽ പ്രത്യേക അനുമതി വാങ്ങി പെട്രോൾ-ഡ വാഹനങ്ങളും വാങ്ങാവുന്നതാണ്.

5) എല്ലാ ഹരിതകർമ്മസേന അംഗങ്ങൾക്കും യൂണിഫോം ലഭ്യമാക്കേണ്ടതുണ്ട്.

6) ഹരിതകർമ്മസേന അംഗങ്ങൾക്ക് വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കഴുകി വൃത്തിയ തരത്തിൽ മാലിന്യം ലഭ്യമാകുന്നതിനും മാലിന്യസംസ്കരണ ബൈലോ നടപ്പിലാക്കുന്നതിനും ജനങ നിരന്തര ബോധവൽക്കരണം നടത്തേണ്ടതുണ്ടതാണ്.

7) കൂടുതൽ ആൾക്കാർ പങ്കെടുക്കുന്ന പരിപാടികൾ നടത്തുന്നവരിൽ നിന്നും കൂടുതൽ മാലിന്യം ചെയ്യേണ്ടി വരുമ്പോൾ സ്ഥാപനങ്ങളിൽ നിന്നും അധിക തുക ഈടാക്കാൻ ഹരിതകർമ്മസേനക്ക് നി നൽകാവുന്നതാണ്.

8) അതിദരിദ്രർക്കും ആശ്രയ ഗുണഭോക്താക്കൾക്കും അംഗൻവാടികൾക്കും വിട്ട്കിട്ടിയ സ്ഥാപനങ്ങ യൂസർ ഫീ ഇളവ് നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

9) ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവ് കണക്കുകളുടെ സൂക്ഷിപ്പ്, രജി പരിപാലനം എന്നിവ കാര്യക്ഷമമാക്കേണ്ടതുണ്ട്. ഡെയ് ലി കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കേണ്ടതും, ക്യാഷ് പ്രതിമാസ വാർഷിക ക്ലോസിംഗ് നടത്തി ബാങ്കുമായി പൊരുത്തപ്പെടുത്തേണ്ടതും, ചാർജ് ഓ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

1-12 തൊഴിൽ നികുതി പിരിവിലെ അപാകതകൾ

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 204, 1996 ലെ കേരളാ പഞ്ചായത്ത് രാജ് (ത നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ അ ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ് നടത്ത തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെടുകയോ പൊതുവായോ സ്വകാര്യമായോ ഉ വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ചുമത്താവുന്നതാണ് വ്യക്തമാക്കിയിട്ടുണ്ട്. കാണുന്നു. ഗ്രാമപഞ്ചായത്തിലെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ത

പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ഥാപന തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും തൊഴിൽ നികുതി റിട്ടേ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപ സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം	അർദ്ധ വർഷം
1	പ്രിയം ന്യൂട്രിമിക്സ്	I&II
2	സ്റ്റാർ പ്ലാസ്റ്റിക്സ്, വെട്ടുകുളം	I&II

2. തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

2023-24 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററും തൊഴിൽ നികുതി റിട്ടേ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവൃത്തിക്കുന്ന താഴെ ചേർത്തിരിക്കുന്ന സ്ഥാപന ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം	അർദ്ധ വർഷം
1	പോസ്റ്റ് ഓഫീസ്,ഒഴൂർ	I&II

3. പഞ്ചായത്ത് പരിധിയിൽ താഴെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർ വരുന്നതായി കാണുന്നു. ഈ സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽനികുതി അടവാക്കാത്തതായും അവ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത്തതായി കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം
1	ഒഴൂരിൽ സ്മൈൽ ക്രാഫ്റ്റ് ഡെന്റൽ ക്ലിനിക്

2	പൾസ് പോളി ക്ലിനിക്, വെള്ളച്ചാൽ
3	ലൈഫ് കെയർ ഓർത്തോപീഡിക്സ്, അയ്യായ്യ

4.ഓഡിറ്റോറിയത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധ ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട് എന്ന് വ്യക്തമാകുന്നു. എന്നാൽ ഈ സ്ഥാപനങ്ങളുടെ ന തൊഴിൽനികുതി അടവാക്കാത്തതായും അവിടത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കാത കാണുന്നു.

ക്രമ നമ്പർ	സ്ഥാപനം
1	എം കെ എച്ച് കൺവെൻഷൻ സെന്റർ - വെള്ളച്ചാൽ
2	എം കെ എച്ച് കൺവെൻഷൻ സെന്റർ - വെള്ളച്ചാൽ B. അൽവാൻ കൺവെൻഷൻ സെന്റർ - കരിങ്കപ്പാറ

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻകയറി (16/25.10.2024) നൽകിയിരുന്നു മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതും തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

1-13 പാരാമെഡിക്കൽ രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം ഇത്തരം പുതിയ സ്വകാര്യ പാരാമെ

സ്ഥാപനങ്ങൾ ചട്ടം 3(2) പ്രകാരമുള്ള 200/- രൂപ ഫീസ് അടവാക്കി രജിസ്റ്റർ ചെയ്യേണ്ടതും, നിലവിലുള്ള സ പാരാമെഡിക്കൽ സ്ഥാപനങ്ങൾ ചട്ടം 5(1) പ്രകാരം 50/- രൂപ ഫീസ് അടവാക്കി രജിസ് പുതുക്കേണ്ടതുമാണ്. മാത്രമല്ല 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ,വ്യാപാരങ്ങൾ, സ പ്രവർത്തനങ്ങൾ മറ്റ് സേവനങ്ങൾ ലൈസൻസ് അനുവദിക്കൽ) ചട്ടങ്ങളിലെ ചട്ടം 3, പട്ടിക 1 ലെ ഇനങ 142, 143 എന്നിവ പ്രകാരം (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 നോടൊപ്പം വായിക്കുക) സ ആശുപത്രികൾ, പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടുകൾ മുതലായവക്ക് പ്രവർത്തിക്കാൻ ലൈസ ആവശ്യമാണ്. 2023-24 വർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ, ലൈസൻസ് ര ഹരിതമിത്രം ആപ്ലിക്കേഷനിലെ വിവരങ്ങൾ എന്നിവ പരിശോധിച്ചത് പ്രകാരം താഴെ പറയുന്ന സ്ഥാപ രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ പ്രവർത്തിക്കുന്നതായി കാണപ്പെട്ടു.

I.പാരാമെഡിക്കൽ രജിസ്ട്രേഷനും ലൈസൻസും ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1. ഗ്രാമപഞ്ചായത്തിലെ ഹരിതമിത്രം ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റിൽ നി ഹെൽത്ത് കെയർ സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. പ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ പരിശോധിച്ചതിൽ 4 സ്ഥാപനങ്ങൾ മാത്രമാണ് രജിസ് എടുത്തിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ ഇല്ലാതെയും ലൈസൻസ് ഇല്ലാ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു.

2. ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ ചേർത്തിരിക്കുന്ന സ്ഥാപനം പഞ്ചായത്ത് പരി പ്രവർത്തിക്കുന്നുണ്ട്

A.ഡന്റൽ ക്ലിനിക്ക് (ലൈസൻസ് രജിസ്റ്റർ ക്രമ നം 36)

എന്നാൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തതായി കാണുന്നില്ല.

3. പഞ്ചായത്ത് പരിധിയിൽ താഴെ ചേർത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ പ്രവർ വരുന്നതായി കാണുന്നു.

ക്രമ നം	സ്ഥാപനം
1	സ്മൈൽ ക്രാഫ്റ്റ് ഡെന്റൽ ക്ലിനിക്, ഒഴൂർ

2	പൾസ് പോളി ക്ലിനിക്, വെള്ളച്ചാൽ
3	ലൈഫ് കെയർ ഓർത്തോപീഡിക്സ്, അയ്യായ

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ സ്ഥാപനങ്ങൾ ഫാക്ടറി വ്യാപാര സ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസോ, ചട്ട പ്രകാരം സ്വകാര്യ ആശുപത്രികൾക്കും പാരാ മെഡ സ്ഥാപനങ്ങൾക്കുള്ള രജിസ്ട്രേഷനോ എടുത്തതായി കാണുന്നില്ല.
മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻകയറി (17/25.10.2024) നൽകിയിരുന്നുവെ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങൾക്കെതിരെ ചട്ട പ്രകാരമുള്ള നടപടികൾ സ്വ രജിസ്ട്രേഷൻ പൂർത്തിയാക്കി ചട്ട പ്രകാരമുള്ള ഫീ ഈടാക്കി ലൈസൻസ് നൽകി വിവരങ്ങൾ ഓഡ അറിയിക്കേണ്ടതാണ്.

1-14 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232(1) പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസില്ലാ ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗ പാടില്ലാത്തതാകുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഹരിതകർമ്മസേന ഫീൽഡ് പരിശോധന നടത്ത ഡാറ്റാ സർവേ പൂർത്തിയാക്കി ഹരിതമിത്രം ക്യു.ആർ കോഡ് പതിച്ച സ്ഥാപനങ്ങൾ സംബന്ധിച്ച പരിശോധിച്ചപ്പോൾ ധാരാളം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കാ വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനങ്ങളുടെ വിവരം	എണ്ണം
1	കച്ചവടസ്ഥാപനങ്ങൾ	340
2	മാർക്കറ്റ്	2
3	സലൂൺ	15
4	പ്രൈവറ്റ് ഹോസ്പിറ്റൽ / ഹെൽത്ത് കെയർ സ്ഥാപനങ്ങൾ	12

5	ഹോട്ടൽ	26
6	ഓഡിറ്റോറിയം	2
7	പൗൾട്രി/ സ്ലോട്ടർ/ഫിഷ്സ്റ്റാൾ	5
8	ഓഫീസ് കെട്ടിടങ്ങൾ (ഗവ. സ്ഥാപനങ്ങൾ ഉൾപ്പടെ)	15
	ആകെ	417

ലൈസൻസ് ആവശ്യമുള്ള 417 സ്ഥാപനങ്ങൾ നിലവിൽ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെന്ന് ഹരി ആപ്ലിക്കേഷനിലെ സ്ഥാപനങ്ങൾ സംബന്ധിച്ച ലിസ്റ്റിൽ നിന്നും വ്യക്തമാവുന്നുണ്ട്. മാത്രമല്ല ആഗ മാസത്തിൽ ഹരിതകർമ്മസേനയുടെ യൂസർഫീ 360 കച്ചവടസ്ഥാപനങ്ങളിൽ നിന്നും പിരിച്ചെടുത്തി എന്നാൽ പഞ്ചായത്തിൽ 2023-24 സാമ്പത്തിക വർഷം 168 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസ് പ്രവർത്തിക്കുന്നത് എന്ന് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഹരിതകർമ്മസേനയു ഡാറ്റാ സർവേ മാത്രമേ പൂർത്തിയായിട്ടുള്ളൂ. ആയതിനാൽ തന്നെ മേൽ പട്ടികയിലെ സ്ഥാപനങ്ങളുടെ ഇനിയും വർദ്ധിക്കാനാണ് സാധ്യത. പട്ടികയിലെ വിവരങ്ങളിൽ നിന്നും യൂസർഫീ പിരി വിവരങ്ങളിൽ നിന്നും പഞ്ചായത്തിൽ 200 ൽ പരം സ്ഥാപനങ്ങൾ ലൈസൻസ് എടു പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാകുന്നു.

ലൈസൻസ് ഇല്ലാതെ ഓഡിറ്റോറിയം പ്രവർത്തിക്കുന്നു

ഹരിതമിത്രം ക്യു.ആർ കോഡ് പതിച്ച സ്ഥാപനങ്ങളുടെ വിവരം പരിശോധിച്ചതിൽ പഞ്ചായത്ത് പരിധ ഓഡിറ്റോറിയങ്ങൾ പ്രവർത്തിക്കുന്നുണ്ട് .

1. എം കെ എച്ച് കൺവെൻഷൻ സെന്റർ - വെള്ളച്ചാൽ

2. അൽവാൻ കൺവെൻഷൻ സെന്റർ - കരിങ്കപ്പാറ

എന്നാൽ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ മേൽ സ്ഥാപനങ്ങൾ ഫാക്ടറി വ്യാപാര സ പ്രവർത്തനങ്ങൾക്കുള്ള ലൈസൻസ് എടുത്തതായി കാണുന്നില്ല.

അപാകതക്ക് വിശദീകരണം നൽകാനായി ഓഡിറ്റ് എൻകൃയറിക്ക് (18/25.10.2024) മറുപടി ലഭ്യമാക്കി മറുപടി ലഭ്യമാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ലൈ എടുത്ത് തന്നെയാണ് പ്രവർത്തിക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

1-15 വസ്തുനികുതിയിനത്തിൽ വൻതുക കുടിശ്ശികയായി ഈടാക്കാനവശേഷിക്കുന്നു

2023-24 ലെ വാർഷിക കണക്ക് ഷെഡ്യൂൾ B-15 പ്രകാരം വസ്തുനികുതി ഇനത്തിൽ തൻ വർഷം 721153/-(മുൻ വർഷങ്ങളിൽ 157437/-രൂപയും (ലൈബ്രറി സെസ്സ് ഉൾപ്പെടെ) കൂടി ആകെ 878590/ പിരിച്ചെടുക്കാനവശേഷിക്കുന്നുണ്ട്. കുടിശ്ശിക ഈടാക്കാനായി സ്വീകരിച്ച നടപടികളുടെ അറിയിക്കാനായി ഓഡിറ്റ് എൻകയറിക്ക് (28/29.10.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിന്റെ വരുമാന മാർഗ്ഗമായ വസ്തു നികുതി ഇനത്തിൽ വൻതുക പിരിച്ചെടുക്കാതെ അവശേഷിക്കുന്നു എന്നത് ഗൗരവമായി കാണേണ്ടതും തുക പിരിച്ചെടുക്കുന്നതിന് നിയമ പ്രകാരമുള്ള തുടർ സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

1-16 കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകത

കെട്ടിട നിർമ്മാണ അപേക്ഷകളിൽ സ്വീകരിക്കേണ്ട തുടർ നടപടികൾ വ്യക്തമാക്കി തദ്ദേശ സ്വയ വകുപ്പ് 02.12.2015 ലെ 12900/ആർ.എ1/2015/ തസ്വഭവ നമ്പർ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സർ പ്രകാരം കെട്ടിട നിർമ്മാണാനുമതിക്കായി ലഭിക്കുന്ന അപേക്ഷകൾ നിശ്ചിത മാതൃകയിലുള്ള ഒരു രജി രേഖപ്പെടുത്തിയാണ് തുടർ നടപടി സ്വീകരിക്കേണ്ടത്. ഫ്രണ്ട് ഓഫീസിൽ സ്വീകരിക്കപ്പെടുന്ന എല്ലാ നിർമ്മാണ അപേക്ഷകളും ഫ്രണ്ട് ഓഫീസിൽ നൽകുന്ന കറണ്ട് നമ്പറിന്റെ ക്രമത്തിൽ തന്നെ ര രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്. രജിസ്റ്ററിലെ ബ കോളങ്ങളിൽ അപേക്ഷ സംബന്ധമായ മുഴുവൻ വിവരങ്ങളും വ്യക്തമായും പൂർണ്ണമായും വ്യത്ത രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ രജിസ്റ്റർ പരിശോധിച്ചതിൽ ലഭിച്ച അപേക്ഷകളിൻമേൽ സ്വ നടപടികൾ സംബന്ധിച്ച മുഴുവൻ രേഖപ്പെടുത്തലുകളും വരുത്തിയിട്ടില്ല. ഭൂരിഭാഗം അപേക്ഷ പെർമ്മിറ്റ് അനുവദിച്ചതിന്റെ വിവരങ്ങളോ കാലതാമസം സംബന്ധിച്ച വിവരങ്ങളോ രേഖപ്പെടുത്തി ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

അപേക്ഷ നമ്പർ/ തീയതി	അപേക്ഷകന്റെ പേർ	റിമാർക്ക്സ്
9474/തീയതി രേഖപ്പെടുത്തിയിട്ടില്ല	ഉബൈദ്	ക്രമനം., FSI, Coverage,തപാൽ നീക്കം

		സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
168/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	രാമകൃഷ്ണൻ	ക്രമനം., FSI, Coverage,തപാൽ നീക്കം സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
225/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	അനൂപ്	ക്രമനം., FSI, Coverage,തപാൽ നീക്കം

		സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
238/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	മൂസ	ക്രമനം., FSI, Coverage,തപാൽ നീക്കം സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
243/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	റഫീഖ്	ക്രമനം., FSI, Coverage,തപാൽ നീക്കം

		സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
281/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	സുഫൈൻ	ക്രമനം., FSI, Coverage,തപാൽ നീക്കം സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
321/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	ഇസ്മായിൽ	ക്രമനം., FSI, Coverage,തപാൽ നീക്കം

		സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
322/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	അബ്ദുസലാം	ക്രമനം., FSI, Coverage,തപാൽ നീക്കം സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.
357/24/തീയതി രേഖപ്പെടുത്തിയിട്ടില്ല	അബ്ദുൾകരീം	ക്രമനം., FSI, Coverage,തപാൽ നീക്കം

		സംബന്ധിച്ച വിവരങ്ങൾ, പെർമ്മിറ്റ് സംബന്ധിച്ച വിവരങ്ങൾ അല്ലെങ്കിൽ കാലതാമസം ഉണ്ടായതിന്റെ കാരണങ്ങൾ എന്നിവ ചേർത്തിട്ടില്ല.

അപാകതക്ക് മറുപടി ലഭ്യമാക്കാനായി ഓഡിറ്റ് എൻകൃയറി (32/30.10.2024) നൽകിയിരുന്നുവെങ്കിലും ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിക്കേണ്ടതും പെർമിറ്റ് രജിസ്റ്റർ ക്രമപ്രകാരം സൂക്ഷിക്കേണ്ടതുമാണ്.

1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി - മരുന്ന് ലഭ്യമാക്കിയി

മെഡിക്കൽ ഓഫീസർ (ഹോമിയോ) നിർവ്വഹണം നടത്തിയ ഹോമിയോ ആശുപത്രിക്ക് മരുന്ന് വ പദ്ധതി പ്രകാരം മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ൽ നിന്നും 2,00,000 രൂപ ചെലവഴിച്ചിട്ടുണ്ട്. പ നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

